# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 സെപ്റ്റംബർ 25**

---

## അഡ്വാൻസ്ഡ് സർവേയിംഗ് ആൻറ് ഡ്രാഫ്റ്റിംഗ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.എസ് നടത്തുന്ന അഡ്വാൻസ്ഡ് സർവേയിംഗ് ആന്റ് ഡ്രാഫ്റ്റിംഗ് ഷോർട്ട് ടേം കോഴ്സിന് അപേക്ഷ ക്ഷണിച്ചു.*

*സിവിൽ എൻജിനീയറിംഗ്, ലാൻഡ് സർവേയിംഗ് മേഖലകൾക്കാവശ്യമായ വിശദമായ മാപ്പുകൾ, പ്ലാനുകൾ, ഡ്രോയിംഗുകൾ തുടങ്ങിയവ ടോട്ടൽ സ്റ്റേഷൻ, ഡി ജി പി എസ്, ഓട്ടോ ലെവൽ, ഓട്ടോകാഡ് ഡ്രാഫ്റ്റിംഗ് എന്നിവയുപയോഗിച്ച് തയ്യാറാക്കുന്നതിനുള്ള മൂന്നു മാസത്തെ പരിശീലനമാണിത്. പ്ലേസ്മെന്റ് സപ്പോർട്ടുമുണ്ട്.*

*അപേക്ഷകൾ ഒക്ടോബർ 10 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ(*https://ses.mgu.ac.in*). ഫോൺ-8590282951, 9048582843, 9446767451.*

*(പി.ആർ.ഒ/39/858/2024)*

## പരീക്ഷാ തീയതി

*ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽഎൽബി (2021 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 22 മുതൽ നടക്കും. ഒക്ടോബർ എഴു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടു കൂടി ഒക്ടോബർ ഒൻപതു വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 11 വരെയും അപേക്ഷ സ്വീകരിക്കും.*

……………..

ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ എൽ ബി (2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ ആവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഒക്ടോബർ എഴു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടു കൂടി ഒക്ടോബർ ഒൻത് വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 11 വരെയും അപേക്ഷ സ്വീകരിക്കും.

……………..

ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ എൽ ബി (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ ആവസാന മെഴ്സി ചാൻസ്) പരീക്ഷകൾ ഒക്ടോബർ 25 മുതൽ നടക്കും. ഒക്ടോബർ എഴ് വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടു കൂടി ഒക്ടോബർ ഒമ്പത് വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 11 വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/859/2024)

## പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ എംഎ പിജിസിഎസ്എസ് (2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ജനുവരി 2024), പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ ഒൻപതു വരെ സമർപ്പിക്കാം.

……………..

രണ്ടാം സെമസ്റ്റർ എംഎസ്സി ഫിസിക്സ് പിജിസിഎസ്എസ് (മെറ്റീരിയൽ സയൻസ് 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഓഗസ്റ്റ് 2023), പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ ഒമ്പത് വരെ വരെ സമർപ്പിക്കാം.

……………..

നാലാം സെമസ്റ്റർ സിബിസിഎസ് ബിഎ (മോഡൽ 1,2,3,), ബിഎസ്സി 2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ

*പത്ത് വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/860/2024)*

## സ്പോട്ട് അഡ്മിഷൻ

*മഹാത്മാഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപതിയിൽ എംഎസ്സി യോഗ ആന്റ് ജെറിയാട്രിക് കൗൺസലിംഗിൽ എതാനും സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ളവർ* cyn.mgu.ac.in *എന്ന വെബ്സൈറ്റിൽ ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച് ഒക്ടോബർ പത്തിന് മുമ്പായി ഓഫീസിൽ നേരിട്ട് എത്തണം. ഫോൺ–* 9539427114, 9447569925.

*(പി.ആർ.ഒ/39/861/2024)*

## പ്രാക്ടിക്കൽ

*ഒന്നാം വർഷ എംഎസ്സി മെഡിക്കൽ അനാട്ടമി (2023 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് ജൂലൈ 2024 ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ ഏഴു മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

……………..

*രണ്ടാം സെമസ്റ്റർ സിബിസിഎസ് കോംപ്ലിമെന്ററി,വൊക്കേഷണൽ കോഴ്സുക്ൾ (ബോർഡ് ഓഫ് സ്റ്റഡീസ് ഓഫ് കമ്പ്യൂട്ടർ സയൻസ് പുതിയ സ്കിം 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്തംബർ 27 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/862/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**